1. സോമൻ മകൻ ഷിബു, മണക്കാട്ട് വിളാകം വീട്, നെഹ്റു ജംഗ്ഷൻ ആറ്റിപ്ര
2. ഗിരീശൻ മകൻ സാബു, പടിഞ്ഞാറേ വീട്ടിൽ, കുഞ്ഞാലുംമൂട്, കുളത്തൂർ, ആറ്റിപ്ര
3. അയ്യപ്പൻ മകൻ വേലായുധൻ, കൊച്ചുമല വിളാകം വീട്, പേട്ട, തിരുവനന്തപുരം
4. മാർക്കോസ് സൈമൻ മകൻ മോച്ചം, നെഹ്റു ജംഗ്ഷൻ, റിസർവ് ലൈൻ, ശിവകാശി വെസ്റ്റ്, തമിഴ്നാട്
5. സതീശൻ മകൻ സദസൻ, കൊല്ലം പൊയ്ക വീട്, അരുമാനൂർ, നെയ്യാറ്റിൻകര
6. ജനാർദ്ദനൻ മകൻ ഷിബു, കുളത്തറവിള, വി. എസ്. ഭവൻ, പള്ളുകൽ, വിളവൻകോട്, കന്യാകുമാരി.

(ഇ) പ്രതികളുമായി ബന്ധപ്പെട്ടെന്ന് സംശയിക്കുന്ന എക്സൈസ് ഉദ്യോഗസ്ഥരെക്കുറിച്ച് അന്വേഷണം നടത്തി വരുന്നതും, പ്രാഥമിക അന്വേഷണത്തിൽ, പ്രതികളുമായി ബന്ധപ്പെട്ടിരുന്നു എന്ന് സംശയിക്കുന്ന പ്രിവന്റീവ് ഓഫീസർ ശ്രീ. ഐ.പി.കെ. രാജനേയും അന്വേഷണത്തിൽ സഹകരിക്കാതിരുന്നതിന്, എക്സൈസ് ഗാർഡ് ശ്രീ. സന്തോഷ് കുമാറിനെയും സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

വിദേശ മദ്യ വിൽപ്പനയിലൂടെ പ്രതീക്ഷിക്കുന്ന വരുമാനം

102 (1065) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശമദ്യ വിൽപ്പനയിലൂടെ ഈ വർഷം (2010-11) പ്രതീക്ഷിക്കുന്ന വരുമാനം എത്ര കോടി രൂപയാണ് ; ഇതിനകം എത്ര കോടി രൂപയുടെ വരുമാനം ഉണ്ടായി ;

(ബി) കഴിഞ്ഞ നാല് വർഷത്തിനിടയിൽ വിദേശ മദ്യ വിൽപ്പന രംഗത്ത് മുന്നിരട്ടിയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) 2006-07, 2007-08, 2008-09, 2009-10 എന്നീ വർഷങ്ങളിൽ ഓരോ വർഷവും വിദേശ മദ്യ വിൽപ്പനയിലൂടെ ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിദേശ മദ്യവിൽപ്പനയിലൂടെ 2010-11-ൽ പ്രതീക്ഷിക്കുന്ന ആകെ വിൽപ്പന 6600 കോടി രൂപയുടേതാണ്. 2010 ഏപ്രിൽ 1 മുതൽ 2011 ജനുവരി 31 വരെയുള്ള കാലയളവിൽ ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവിൽപ്പന 5512.93 കോടി രൂപയുടേതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

IMFL (Cases in Lakhs)			Increase %
2006-07	-	132.65	11.57%
2007-08	-	148.01	15.65%
2008-09	-	171.17	9.86%
2009-10	-	188.05	9.86%
Beer			
2006-07	-	50.05	17.12%
2007-08	-	58.62	20.44%
2008-09	-	70.60	20.74%
2009-10	-	85.24	20.74%
Gross Sales Value (IMFL&Beer)			
2006-07	-	3,143.29	16.74%
2007-08	-	3,669.49	26.20%
2008-09	-	4,631.00	19.62%
2009-10	-	5,539.85	19.63%

(സി) 2006-07 - 3143.29 കോടി രൂപ
2007-08 - 3669.49 കോടി രൂപ
2008-09 - 4631.00 കോടി രൂപ
2009-10 - 5539.85 കോടി രൂപ

അന്യസംസ്ഥാനങ്ങളിലെ നാടൻ മദ്യങ്ങൾ സംസ്ഥാനത്ത് ലഭ്യമാക്കുവാൻ നടപടി

103 (1066) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ഗോവൻ ഫെനി പോലുള്ള നാടൻ മദ്യങ്ങൾ ബിവറേജസ് കോർപ്പറേഷൻ വഴി വിതരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ :

(ബി) ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുകയും, പ്രസ്തുത സംസ്ഥാനങ്ങളിൽ മാത്രം ഇപ്പോൾ ലഭ്യമായിട്ടുള്ളതുമായ ഗുണമേന്മയുള്ളതും വിലകുറഞ്ഞതുമായ മദ്യങ്ങൾ ബിവറേജസ് കോർപ്പറേഷൻ വഴി വിൽപ്പനയ്ക്കെത്തിക്കാൻ ആലോചിക്കുമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly